കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

തുവ്വൂർ പഞ്ചായത്ത്

2016-17ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം ജില്ല.

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

കെ.എസ്.എ.എം.പി.എം.24/1586/2017 സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം ജില്ല.

e-mail:dompm.ksad@kerala.gov.in

തീയതി.14-07-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തുവ്വൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തുവ്വൂർ ഗ്രാമപഞ്ചായത്ത് - **2016-17** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ................... ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ................... ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1). ഡയറക്ടർ, ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.എം.പി.എം.24/1586/2017 തീയതി 14-07-2017

<u>മലപ്പുറം ജില്ലയിലെ ഊവ്വൂർ ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

***(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ ഊവ്വൂർ ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **25.10.2016** മുതൽ **31.05.2017** തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്. ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.06.2017 മുതൽ 24.06.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. അബ്ദുൽ ജലീൽ.ടി.പി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സക്കീർ ഹുസൈൻ പി, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹമ്മദ് സലീം ടി, അസി. ഓഡിറ്റ് ഓഫീസർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>.

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബാലകൃഷ്ണൻ.ടി | 01.04.2016 – 31.03.2017 |
| സെക്രട്ടറി | ശ്രീ.എം.വി.മോഹനൻ | 01.04.2016 – 31.03.2017 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ.</u>

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി എൻജിനീയർ | ശ്രീ.എം.പി.ജോസ് | 01.04.2016 – 31.03.2017 |
| കൃഷി ഓഫീസർ | ശ്രീമതി.ബിജുല ബാലൻ | 01.04.2016 – |

| | | |
|---|---|---|
| | | 31.03.2017 |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ. അബ്ദുൽ നാസർ നെടുവാഞ്ചേരി | 01.04.2016 – 31.03.2017 |
| വെറ്റിനറി സർജൻ | ഡോ. ലീന കെ നായർ | 01.04.2016 – 31.03.2017 |
| ഹെഡ് മാസ്റ്റർ | ശ്രീ.ജോസുകുട്ടി.ടി.കെ | 01.04.2016 – 31.03.2017 |
| വി.ഇ.ഒ | ശ്രീ.ജയപ്രകാശ് | 01.04.2016 – 21.11.2016 |
| | ശ്രീ.ശരീഫ് അഹ്മദ്.ടി.കെ | 22.11.2016 – 31.03.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശാന്തകുമാരി | 01.04.2016 – 31.03.2017 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ശ്രീമതി.മിഥു കെ തമ്പി | 01.04.2016 – 31.03.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 | |
| 3 | വാർഷിക കണക്ക് പരിശോധന | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമ പദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1.10 | |
| 11 | മറ്റ് ഓഡിറ്റ് റിപ്പോർട്ടുകൾ | 1.11 | |
| ഭാഗം രണ്ട് | | | |
| 12 | ഫയൽ സൂക്ഷിക്കുന്നതിൽ അപാകത | 2.1 | |
| ഭാഗം മൂന്ന് | | | |
| 13 | അത്താണി കട്ടക്കാട് റോഡ് | 3.1 | |
| 14 | ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരണ വിവരമില്ല. | 3.2 | |

| | | | |
|---|---|---|---|
| 15 | തനത് ഫണ്ട് അകൌണ്ടിൽ തുക അവശേഷിക്കുന്നു. | 3.3 | |
| 16 | ലാപ്പ് ടോപ്പ് വിതരണം – അനർഹർക്ക് ആനുകൂല്യം നൽകി | 3.4 | |
| 17 | ഫർണിച്ചർ വിതരണം- അപാകതകൾ | 3.5 | |
| 18 | ആശ്രയ പ്രവർത്തനങ്ങൾക്ക് ഗതി വേഗമില്ല | 3.6 | |
| 19 | A.B.C പ്രോഗ്രാം വിനിയോഗ വിവരമില്ല | 3.7 | |
| 20 | S.S.A വിഹിതം വിനിയോഗ വിവരമില്ല | 3.8 | |
| ഭാഗം നാല് | | | |
| 21 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 | |
| 22 | ഡെപ്പോസിറ്റ് പ്രവർത്തികൾ | 4.2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാനുള്ളത് | 4.3 | |
| 24 | വായ്പ്പ | 4.4 | |
| 25 | സ്ഥിര നിക്ഷേപങ്ങൾ | 4.5 | |
| 26 | ഓഡിറ്റ് റിക്കവറി | 4.6 | |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപെട്ട ഓഡിറ്റ് പരാമർസങ്ങൾ | 4.7 | |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 | |

## ഭാഗം 1

### പൊതു അവലോകനം

## 1-1 ബജറ്റ്

**2016-17** വർഷത്തെ ബജറ്റ് **04.03.2016** തിയ്യതിയിലെ **1 -**ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.07.2017 | 23.05.2017 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 20.06.2017 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

<u>വാർഷിക കണക്കിലെ അപാകതകൾ</u>

1. സ്ഥാപനങ്ങളുടെയും, പ്രൊഫഷണൽസിന്റെയും വ്യാപാരികളുടെയും തൊഴിൽ നികുതി ശീർഷകത്തിലെ തൻവർഷ വരുമാനം 214190 രൂപയും പിരിവ് 212940 രൂപയുമാണ്. വ്യത്യാസം 1250 രൂപ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. 2015-16 വാർഷിക കണക്ക് പ്രകാരം താമസത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ബാലൻസ് 1942393 (1484177+458216) രൂപയാണ്. 2016-17 വാർഷിക കണക്ക് പ്രകാരം തൻവർഷ കുടിശ്ശിക പിരിവ് 877229 രൂപയും കുടിശ്ശിക ബാലൻസ് 834046 രൂപയുമാണ്. ഈ കണക്കുകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.

3. 2015-16 വാർഷിക കണക്ക് പ്രകാരം താമസേതര കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശികയില്ല. എന്നാൽ 2016-17 വാർഷിക കണക്ക് പ്രകാരം 178302 രൂപ കുടിശ്ശിക പിരിച്ചിട്ടുണ്ട്.

4. 2016-17 വാർഷത്തെ വസ്തു നികുതി ഡിമാന്റ്- പിരിവ് - കുടിശ്ശിക സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് നൽകിയ പത്രികയിലെയും വാർഷിക കണക്കിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല. താമസത്തിനുള്ള കെട്ടിടങ്ങളുടെയും താമസേതര കെട്ടിടങ്ങളുടെയും കണക്കുകൾ വേർതിരിച്ച് തയ്യാറാക്കിയിട്ടില്ല. ലൈബ്രറി സെസ്സും സർവ്വീസ് സെസ്സും ഉൾപ്പെടെ ആകെ ബാലൻസ് ഈ പത്രിക പ്രകാരം 3740296 രൂപയുണ്ട്. എന്നാൽ 2016-17 വാർഷിക കണക്ക് ബി-15 പത്രികയിലെ ആകെ ആസ്തി (ലൈബ്രറി സെസ് പരിഗണിക്കാതെ) 2306005 രൂപ (2200144 + 105861)മാത്രമാണ്.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5705685 |
| വരവ് | 53155925 |
| ആകെ | 58861610 |
| ചെലവ് | 49414377 |
| നീക്കിയിരിപ്പ് | 9447233 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12464718 | 12464718 | 10671538 | 0 | 85.6 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7164687 | 7164687 | 5122958 | 0 | 71.5 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 19050 | 19050 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 5246055 | 5246055 | 5171198 | 0 | 98.5 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 3352014 | 3352014 | 2168439 | 0 | 64.6 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6990749 | 6990749 | 6975749 | 0 | 99.7 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3716176 | 3716176 | 3697319 | 0 | 99.5 |
| എ.എൻ.ആർ. ഇ.ജി.എസ്. | 3576 | 16142209 | 16145785 | 16118030 | 27755 | 99.8 |
| ബി.ഫണ്ട് | 0 | 34798540 | 34798540 | 34798540 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 56084752 | 116 | 39115935 | -- | 36 | 76.3 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 7ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2151201 | 3453683 | 1302482 | (+) 60.5 |
| നികുതിയേതര വരവുകൾ | 567714 | 553848 | 13866 | (-) 2.5 |
| മറ്റുവരവുകൾ | 1105701 | 9140167 | 9029597 | (+)82 |
| ആകെ | 2829485 | 13147698 | 10318213 | (+) 21 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 234840 | 123 |
| കർഷകതൊഴിലാളി പെൻഷൻ | 3067400 | 350 |
| വിധവാപെൻഷൻ | 11610800 | 1342 |
| വാർദ്ധക്യകാലപെൻഷൻ | 15288400 | 1366 |
| വികലാംഗപെൻഷൻ | 2921200 | 363 |
| വിവാഹ ധന സഹായം | 720000 | 23 |
| അവിവാഹിതാ പെൻഷൻ | 955900 | 80 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.06.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1980രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പ്രത്യേക പരാമർശമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.05.2017 | 01.01.2017-31.03.2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.12.2014 | 2007-08 --- 2011-12 | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി ഫയൽ സൂക്ഷിപ്പിൽ അപാകതകൾ.

2016-17 -ൽ പുതുതായി നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ ഡിമാന്റ് നമ്പർ അസ്സസ്മെന്റ് ഫയലിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നികുതി നിർണ്ണയം നടത്തിയ എല്ലാ കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് ചെയ്തുവോ എന്നുറപ്പ് വരുത്താൻ ആയിട്ടില്ല. ഒരു കെട്ടിടത്തിന്റെ നിർമാണ പെർമിറ്റ്, പൂർത്തീകരണം, നമ്പർ നൽകൽ, നികുതി നിർണ്ണയം തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട അപേക്ഷകളിലെ നടപടിക്രമങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015-ലെ സർക്കുലർ 12900/ആർ/2015/തസ്വഭവ. യിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. വസ്തു നികുതി സംബന്ധിച്ച കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അത്താണി കട്ടക്കാട് റോഡ് ടാറിംഗ് (82/17) എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ
കൺവീനർ: അനിൽ കുമാർ സി.

കരാർ: 18/16-17/6-1-2017

ചെലവ്: 430000 രൂപ. ട്രഷറി ബിൽ നമ്പർ 43/16-17/31-3-17.(166634 രൂപ പിന്നീട് തിരിച്ചടച്ചു)

അളവ് പുസ്തകം: 41/16-17

3 ാം വാർഡിൽ ഉൾപ്പെട്ട മേൽ റോഡിൽ ചെയിനേജ് 0/00 മുതൽ 324 മീറ്റർ നീളത്തിൽ ടാറിംഗ് നടത്താനുള്ളതാണ് മേൽ പ്രോജക്ട്. ആയതിന്റെയടിസ്ഥാനത്തിൽ CC Ist & Final bill തയ്യാറാക്കി താഴെ പറയും പ്രകാരം കൺവീനർക്ക് തുക നൽകിയിട്ടുണ്ട്.

മൂല്യനിർണ്ണയം: 405660

(+) നികുതി: 24340

ആകെ: 430000

(-) VAT 20283

IT 8113

WF 4057

കൺവീനർക്ക്: 397547

എന്നാൽ, മേൽ പ്രോജക്ടിലുൾപ്പെട്ട 127 മീറ്റർ നീളത്തിൽ ബ്ളോക്ക് പഞ്ചായത്ത് ടാറിംഗ് നടത്തിയതിനാൽ 166634 രൂപ താഴെ പറയും പ്രകാരം 18-4-17 ന് കരുവാരകുണ്ട് സബ്ട്രഷറിയിൽ തിരിച്ചടച്ചു.

മൂല്യനിർണ്ണയം: 239006

(+) നികുതി: 24340

ആകെ: 263346

(-) VAT 20283

IT 8113

WF 4057

കൺവീനർക്ക്: 230893

ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക: 430000

പിൻവലിക്കേണ്ട തുക: 263346

അധികം: 166654

തിരിച്ചടച്ചത്: 166634

വ്യത്യാസം: 20 രൂപ

അപാകതകൾ

1) സ.ഉ(എം എസ്) നംപർ4/2016/തസ്വഭവ/11-1-2016 ലെ ഖണ്ഡിക 11.15 ലെ 1,3,5 എന്നിവ പ്രകാരമുള്ള താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

എ) റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ളാൻ എന്നിവ തയ്യാറാക്കിയിട്ടില്ല.

ബി) ഏതൊരു റോഡ് നിർമാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തണം

സി) ബ്ളോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകളുടെ റോഡ് പ്രവൃത്തി പ്രോജക്ട് ഏറ്റെടുക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്ന് രേഖാമൂലം സമ്മതപത്രം വാങ്ങിയിരിക്കണം

2) 239006 രൂപയുടെ മൂല്യനിർണ്ണയത്തിൽ നിന്നും 405660 രൂപയുടെ മൂല്യനിർണ്ണയത്തിനുള്ള നികുതി കുറവ് ചെയ്തതായി കാണുന്നു.

3) 166654 രൂപ തിരിച്ചടക്കുന്നതിന് പകരം 166634 രൂപയാണ് തിരിച്ചടച്ചത്.

4) മേൽ പ്രവൃത്തിയുടെ TS തുകയായ 430000 രൂപ കൺവീനർക്ക് 31-3-17 ന് നൽകിയിട്ടുണ്ട്. 18-4-17 നാണ് അധികത്തുക തിരിച്ചടക്കുന്നത്. കൺവീനർക്ക് മുഴുവൻ തുകയും നൽകിയതിന് ശേഷമാണ് അപാകത ശ്രദ്ധയിൽപ്പെട്ടെതെന്ന് വ്യക്തമാണ്. കൺവീനറുടെ സാന്നിദ്ധ്യത്തിൽ അളവെടുത്തപ്പോൾ പോലും അപാകത ശ്രദ്ധയിൽപ്പെട്ടില്ല എന്നുള്ളത് ശ്രദ്ധേയമാണ്.

5) ഈ പ്രവൃത്തിയുടെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. റിപ്പോർട്ട് ഇല്ലാതെ തുക നൽകിയത് ക്രമപ്രകാരമല്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഇക്കാര്യമുന്നയിച്ച് നൽകിയ 8/22-06-17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിശദാംശം ലഭ്യമല്ല.

നിർവഹണ ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

കാടക്കുന്ന് കുടിവെള്ളപദ്ധതി (172/17)യുടെ ഭാഗമായി അഡീഷണൽ ഫേസ് ലൈൻ വലിക്കുന്നതിന് KSEB യിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനായി ട്രഷറി ബിൽ നംപർ 47/16-17/31-3-17 പ്രകാരം 38404 രൂപ പിൻവലിച്ചിട്ടുണ്ട്. ഈ ചെലവിന്റെ താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1) KSEB യിൽ തുക അടവാക്കിയതിന്റെ വിവരം

2) KSEB തുക കൈപ്പറ്റിയതിന്റെ വിവരം

3) വിനിയോഗസാക്ഷ്യപത്രം

4)പ്രവൃത്തിയുടെ പൂർത്തീകരണ വിവരം

മേൽപ്പറഞ്ഞ വിവരങ്ങളുടെ അഭാവത്തിൽ ചെലവു തുക 38,404/- രൂപ തടസ്സം ചെയ്യുന്നു. ഇക്കാര്യമുന്നയിച്ച് നൽകിയ 9/22-06-17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 തനത് ഫണ്ടിന്റെ ഉപയോഗത്തിനുള്ള ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ 11-2-2008 ൽ ഇവൂർ സൗത്ത് മലബാർ ഗ്രാമീണ ബാങ്കിൽ തുടങ്ങിയ 108827 നംപർ അക്കൗണ്ടിൽ 01-05 2017 ന് 98,231 രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക ഏതിനത്തിൽ ചെലവഴിക്കാനുള്ളതാണെന്നതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യമുന്നയിച്ച് നൽകിയ 10/22-06-17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ട ഹെഡിൽ അടവാക്കി അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

## 3-4 ലാപ്പ് ടോപ്പ് വിതരണം- അനർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

ഉപരി പഠനം നടത്തുന്ന എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനാണ് ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ 89/2017 പ്രോജക്ട്. എസ്.സി.പി ഫണ്ട് 2.25 ലക്ഷം വകയിരുത്തിയ പ്രോജക്ടിന് ബിൽ 03/16.03.2017 പ്രകാരം 184410 രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി ഒൻപത് ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് വിതരണം നടത്തിയിട്ടുണ്ട്. ടെണ്ടർ നപടികൾ സ്വീകരിച്ച് ഹാൽസിയൻ ട്രാൻസ്മിഷൻ ടെക്നോളജീസ്, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിൽ നിന്നാണ് ലാപ്പ്ടോപ്പ് വാങ്ങുന്നത്. ടാക്സ് ഉൾപ്പെടെ ഒൻപത് ലാപ്ടോപ്പുകളുടെ വിലയാണ് 184410 രൂപ .

GO(MS)04/2016 Lsgd Dtd 11.01.2016 സബ്സിഡി മാർഗരേഖയിലെ 6.8.6 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചല്ല പ്രോജക്ട് നിർവഹണം നടത്തിയത് എന്ന് കാണുന്നു.

എഞ്ചിനീയറിങ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പ്രോഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടിക ജാതി - പട്ടിക വർഗ വിദ്യാർത്ഥികൾക്കാണ് സർക്കാർ ഉത്തരവ് പ്രകാരം ലാപ്ടോപ്പ് വാങ്ങി നൽകാൻ വ്യവസ്ഥയുള്ളത്. മാത്രമല്ല, ഒരാൾക്ക് ഒരു തവണ മാത്രമേ ആനുകൂല്യം നൽകാവൂ എന്നും ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിരിക്കണം എന്നും വ്യവസ്ഥ വെച്ചിട്ടുണ്ട്. G.O(MS)2464/2016/LSGD/17-08-2016 ഉത്തരവ് പ്രകാരം പോളി ടെക്നിക്ക്, ബിരുദ വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

ലാപ്ടോപ്പ് നൽകിയ ഗുണഭോക്താക്കളുടെ വിശദ വിവരെ താഴെ കൊടുക്കുന്നു.

| | ഗുണഭോക്താവ് | പഠിക്കുന്ന കോഴ്സ് | പഠിക്കുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | അഖിൽ പി. വേലായുധൻ | MBBS | മെഡിക്കൽ കോളേജ് കോഴിക്കോട് | പ്രോഫഷണൽ ഡിഗ്രി കോഴ്സ് |
| 2 | രമ്യ. വി | Bsc Nursing | മൗലാനാ കോളേജ് ഓഫ് നഴ്സിങ്ങ് പെരിന്തൽമണ്ണ | പ്രോഫഷണൽ ഡിഗ്രി കോഴ്സ് |

| | | | | |
|---|---|---|---|---|
| 3 | ദിൽഷ.കെ | D.Ed (TTC) | JB TTI Nettikulam | ഡിപ്ലോമ കോഴ്സ് |
| 4 | അശ്വതി.പി | MA English | അമൽ കോളേജ് നിലമ്പൂർ | പി.ജി കോഴ്സ് |
| 5 | രമേശ്. കെ | Fitter | Govt ITI Nilambur | ദ്വിവർഷ കോഴ്സ്. കോഴ്സിന്റെ പൂർണ വിവരം ലഭ്യമല്ല |
| 6 | സജീഷ്.എ | Fitter | Govt ITI Nilambur | ദ്വിവർഷ കോഴ്സ്. കോഴ്സിന്റെ പൂർണ വിവരം ലഭ്യമല്ല |
| 7 | അൽഷ.പി | D.Ed (TTC) | JB TTI Nettikulam | ഡിപ്ലോമ കോഴ്സ് |
| 8 | ജിതിൻ.സി.കെ | Diploma in tool and die Making | NTTF Technical Training Centre, Malappuram | Three year Diploma Course |
| 9 | ഷൈജ.ഇ | B'Ed | SV College of Teacher Education-Palemade | B Ed കോഴ്സ് |

മേൽ സർക്കാർ ഉത്തരവിലെ നിർദേശ പ്രാകരം ക്രമ നമ്പർ 1, 2, 4, 8, 9 എന്നീ ഗുണഭോക്താക്കൾക്ക് മാത്രമാണ് ലാപ്പ്ടോപ്പ് നൽകാൻ അർഹതയുള്ളൂ. ഇപ്രകാരം ചെലവ് തുകയുടെ 81960 രൂപ അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് വിനിയോഗിച്ചത് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

-ഭരണസമിതിയുടെ 12(2)/15.12.2016 തീരുമാന പ്രകാരമാണ് ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നത്. എന്നാൽ മാർഗരേഖയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാതെയാണ് ലിസ്റ്റിന് അംഗീകാരം നൽകിയിട്ടുള്ളത്.

-ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾക്ക് ഇതേ ഇനത്തിന് എസ്.സി വകുപ്പിൽ നിന്നോ പഞ്ചായത്ത്

വകുപ്പിൽ നിന്നോ മുമ്പ് ധനസഹായം നൽകിയിട്ടുണ്ടോ എന്ന് വിലയിരുത്തിയതായും വ്യക്തമല്ല. ആയത് സംബന്ധിച്ച യാതൊരു രേഖയും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾക്ക് നിർവഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി ഉത്തരവാദിയിയിരിക്കുന്നതാണ് എന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധിക തുക നൽകിയതിന് സർക്കാറിൽ നിന്ന് സാധൂകരണം വാങ്ങുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി.

81960 രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നു. തുക തിരിച്ചടവാക്കേണ്ടതാണ്.

## 3-5 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം- അപാകതകൾ

എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്യുന്നതിനാണ് ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ 176/2017 പ്രോജക്റ്റ്. എസ്.സി.പി ഫണ്ട് 6.2 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്റ്റിന് ബിൽ 09/31.03.2017 പ്രകാരം 479569 രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്റ്റിന്റെ ഭാഗമായി 142 ഗുണഭോക്താവിന് ഫർണിച്ചർ വിതരണം നടത്തിയിട്ടുണ്ട്. ടെണ്ടർ നപടികൾ സ്വീകരിച്ച് കോസ്മോ, ഉവ്വൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് ഫർണിച്ചർ വാങ്ങുന്നത്.

പ്രോജക്റ്റ് നിർവഹണത്തിലെ താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1-GO(MS)04/2016 Lsgd Dtd 11.01.2016 സബ്സിഡി മാർഗരേഖയിലെ 6.8.4 പ്രകാരമുള്ള നിർദേശങ്ങൾ പാലിച്ചല്ല പ്രോജക്റ്റ് നിർവഹണം നടത്തിയത് എന്ന് കാണുന്നു. ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം, പട്ടിക ജാതി വകുപ്പിൽ നിന്നോ പട്ടിക വർഗ വകുപ്പിൽ നിന്നോ ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിച്ചവർക്ക് നൽകാൻ പാടില്ല എന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ഈ രണ്ട് വസ്തുതകളും പാലിച്ചല്ല ഫർണിച്ചർ വിതരണം നടത്തിയിട്ടുള്ളത് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

2-പഞ്ചായത്തിൽ നിന്ന് ആനുകൂല്യം ലഭിച്ച നാല് ഗുണഭോക്താക്കൾക്ക് സ്കൂൾ സർട്ടിഫിക്കറ്റ്/ഏത് സ്ഥാപനത്തിലാണ് പഠിക്കുന്നത് എന്ന സാക്ഷ്യപ്പെടുത്തിയ വിവരം ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. വ്യക്തമായ വിവരങ്ങളുടെ പിൻബലമില്ലാതെ ധനസഹായം അനുവദിച്ച നടപടി അംഗീകരിക്കുന്നില്ല. ചെലവ് തുക 13508 രൂപ (3377 x 4) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| പേര് | പഠിക്കുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|
| കൃഷ്ണനേത്ര.സി.പി | ലഭ്യമല്ല | യാതൊരു രേഖയും ഫയലിൽ ഇല്ല |
| കാവ്യ | ലഭ്യമല്ല | യാതൊരു രേഖയും ഫയലിൽ ഇല്ല |
| രാഹുൽ | ലഭ്യമല്ല | യാതൊരു രേഖയും ഫയലിൽ ഇല്ല |
| ദിൽജിത്ത് | ലഭ്യമല്ല | യാതൊരു രേഖയും ഫയലിൽ ഇല്ല |

3-പഞ്ചായത്തിൽ നിന്ന് ആനുകൂല്യം ലഭിച്ച ആറ് ഗുണഭോക്താക്കളുടെ പേര് വിവരം സ്കൂൾ അധികാരികൾ

സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| പേര് | പഠിക്കുന്ന സ്ഥാപനം |
|---|---|
| ശ്രുതി.പി | അംബേദ്കർ കോളേജ് വണ്ടൂർ |
| ഗ്രീഷ്മ.എം | അംബേദ്കർ കോളേജ് വണ്ടൂർ |
| വിശാഖ്.കെ | GHSS പാണ്ടിക്കാട് |
| ജീനു.ടി | യൂനിറ്റി കോളേജ്, മഞ്ചേരി |
| ശാലിനി.എം | GGHSS വണ്ടൂർ |
| ആതിര.കെ | നളന്ദ കോളേജ്, കരുവാരക്കുണ്ട് |

4.ടെണ്ടർ നപടികൾ സ്വീകരിച്ച് കോസ്മോ, ഉവ്വൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് ഫർണിച്ചർ വാങ്ങുന്നത്. എന്നാൽ സ്ഥാപനം ഹാജരാക്കിയ 52/29.03.2017 കാഷ് ബിൽ ടാക്സ് ഇൻവോയ്സ് അല്ല.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/17-06-17) രേഖകൾ ഹാജരാക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. രേഖകൾ ഹാജരാക്കുന്നതു വരെ അവശേഷിക്കുന്ന ചെലവു തുക 466061/- (479569 – 13508) രൂപ തടസ്സം ചെയ്യുന്നു.

13509 രൂപ പ്രോജക്റ്റ് നിർവഹണം നടത്തിയ ഹെഡ്മാസ്റ്ററുടെ ബാധ്യതയായി നിശ്ചയിക്കുന്നു. തുക തിരിച്ചടവാക്കേണ്ടതാണ്.

## 3-6 ആശ്രയ പ്രവർത്തനങ്ങൾക്ക് വേഗതയില്ല

ആശ്രയ രണ്ടാം ഘട്ട പ്രോജക്റ്റ് 82 ഗുണഭോക്താക്കളെ ഉൾപെടുത്തി അംഗീകാരം വാങ്ങിയിട്ടുണ്ട്. ഗുണഭോക്താക്കളെ കണ്ടെത്തുകയും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച രൂപരേഖ തയ്യാറാക്കുകയും ചെയ്തു എന്നതല്ലാതെ പ്രവർത്തനങ്ങൾ ഒന്നും തന്നെ വ്യവസ്ഥാപിതമായ രീതിയിൽ ആരംഭിച്ചിട്ടില്ല.

ഓഡിറ്റ് വർഷം ആശ്രയ സംവിധാനം ഫലപ്രദമായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല എന്ന് കാണുന്നു. ആകെ രണ്ട് വൗച്ചറുകളിലായി 172080 രൂപയാണ് ചെലവഴിച്ചത് എന്ന് കാണുന്നു. ഒരു ഗുണഭോക്താവിന് വീടിന് ഭൂമി വാങ്ങുന്നതിന് ഒന്നര ലക്ഷം രൂപയും പോഷകാഹാരം വിതരണം ചെയ്യുന്നതിന് 22080 രൂപയുമാണ് ചെലവഴിച്ചത്.

മൂന്ന് ബാങ്ക് അക്കൗണ്ടുകളിലായി 1661004 രൂപ ആശ്രയ അക്കൗണ്ടുകളിൽ ബാലൻസ് ഉണ്ട്. ഇതിൽ ഓഡിറ്റ് വർഷം പഞ്ചായത്ത് പ്രോജക്റ്റ് പ്രകാരം കൈമാറിയ 5.5 ലക്ഷം രൂപയും ആശ്രയ രണ്ടാംഘട്ട ചാലഞ്ച് ഫണ്ട് ഇനത്തിൽ വരവ് വന്ന 412000 രൂപയും ഉൾപ്പെടുന്നു.

ആശ്രയ ഫലപ്രദമായ രീതിയിൽ പ്രയോജനകരമായ പ്രവർത്തനങ്ങൾ നടത്തുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-7 എ.ബി.സി പ്രോഗ്രാം-വിനിയോഗ വിവരം ഇല്ല.

ജില്ലാ പഞ്ചായത്തും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി നിർവഹിക്കുന്നതാണ് ആനിമൽ ബർത്ത് കൺട്രോൾ എന്ന പരിപാടി. ഈ പ്രോജക്റ്റിനായി വെറ്ററിനറി സർജൻ 166/2017 പ്രോജക്റ്റിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്ന് ഒരു ലക്ഷം രൂപ ജില്ലാ മൃഗ സംരക്ഷണ ഓഫീസർക്ക് 31-03-2017 ന് വൗച്ചർ 7/2016-17 പ്രകാരം 'ട്രാൻസ്ഫർ ചെയ്ത് നൽകുന്നുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ വിവരം ഫയലിൽ ഇല്ല.

വ്യക്തമായതും വിശദമായതുമായ രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-8 എസ്.എസ്സ്.എ വിഹിതം അടവാക്കിയത്-വിനിയോഗ വിവരം ഇല്ല.

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ എസ്.എസ്സ്.എ വിഹിതം അടവാക്കുന്നതിനുള്ള 45/17, 05/17

എന്നീ പ്രോജക്റ്റുകൾ പ്രകാരം ബിൽ 01/26.12.2016 പ്രകാരം എട്ട് ലക്ഷം രൂപയും, ബിൽ 02/26.12.2016 പ്രകാരം രണ്ട് ലക്ഷം രൂപയും എസ്.എസ്സ്.എ പ്രോജക്റ്റ് ഓഫീസർക്ക് അടവാക്കുന്നുണ്ട്. തുക അടവാക്കിയതിന് രസീതും ഫയലിൽ ഉണ്ട്.

മുൻവർഷം അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമായതിന് ശേഷമേ അടുത്ത വർഷത്തേക്കുള്ള വിഹിതം പ്രോജക്റ്റ് ഓഫീസർക്ക് അടവാക്കേണ്ടതുള്ളു. എന്നാൽ മുൻവർഷ തുകയുടെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമാകാതെയാണ് പത്ത് ലക്ഷം അടവാക്കിയത് എന്ന് കാണുന്നു. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ തുക തടസ്സം ചെയ്യുന്നു.

മുൻ വർഷം അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഖണ്ഡിക 3-2 ൽ പരാമർശിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സമ്പൂർണ വൈദ്യുതീകരണം | 23/17 | 100000 | 100000 | 0 |
| ,, | ................. കുടിവെള്ള പദ്ധതി. അഡീഷണൽ ലൈൻ വലിക്കൽ | 47/16-17/ 31-03-17 | 38404 | ലഭ്യമല്ല | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ വായ്പതിരിച്ചടച്ചതിന്റെയും ഇനത്തിൽ വരവോ ചെലവോ ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3(1) | 2006-07 | 3-71-4 | ഡെപ്പോസിറ്റ് വർക്ക് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2002-03 | 3(2) | 2006-07 | 3-71-3 | മുൻകൂർ വാങ്ങിയിട്ടും പ്രവർത്തി പൂർത്തിയാക്കിയില്ല | നിയമസഭാസമിതിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53155925 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49414377 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 95468 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1650865 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 81960 | ശ്രീ.ജോസുകുട്ടി ടി.കെ, ഹെഡ്മാസ്റ്റർ |
| 3-5 | | 13508 | ശ്രീ.ജോസുകുട്ടി ടി.കെ, ഹെഡ്മാസ്റ്റർ |

ആകെ 95468

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 34,804 | ശ്രീ.എം.പി.ജോസ്, അസി. എഞ്ചിനീയർ |
| 3-5 | 4,66,061 | ശ്രീ.ജോസുകുട്ടി.ടി.കെ., ഹെഡ്മാസ്റ്റർ |
| 3-7 | 1,00,000 | ശ്രീമതി.ലീന.കെ. നായർ, വെറ്ററിനറി സർജൻ |
| 3-8 | 10,00,000 | ശ്രീ.ജോസുകുട്ടി.ടി.കെ., ഹെഡ്മാസ്റ്റർ |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോസുകുട്ടി.ടി.കെ | ഹെഡ്മാസ്റ്റർ<br>ജി.എൽ.പി.എസ്സ് ഉവ്വൂർ | കുറ്റിക്കാട്ട് ഹൗസ്.<br>കരുവാരക്കുണ്ട്.<br>മലപ്പുറം ജില്ല<br>പിൻ 676523 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.എം.(6)139/2004/13.12.2011 | 10 |
| 1999-00 | എൽ.എഫ്.എം.8-1277/2004/13.12.2011 | 11 |
| 2000-01 | എൽ.എഫ്.എം.6-647/2005/16.12.2011 | 08 |
| 2001-02 | എൽ.എഫ്.എം.6-1432/2005/14.10.2010 | 33 |
| 2002-03 | എൽ.എഫ്.എം.6-1432/2005/14.10.2010 | 28 |
| 2003-04 | എൽ.എഫ്.എം.6-1194/2008/14.10.2010 | 16 |
| 2004-05 | എൽ.എഫ്.എം.6-1195/2008/14.10.2010 | 23 |
| 2005-06 | എൽ.എഫ്.എം.6-776/2010 /02.12.2010 | 16 |
| 2006-07 | എൽ.എഫ്.എം.5-2390/2012/02.5.2013 | 10 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.എം.6-778/2010/19.11.2010 | 35 |
| 2008-09 | എൽ.എഫ്.എം.5-744/2012/ 06.6.2012 | 16 |
| 2009-10 | എൽ.എഫ്.എം.5-745/2012/ 07.8.2012 | 16 |
| 2010-11 | എൽ.എഫ്.എം.5-988/2013/ 31.10.2013 | 15 |
| 2011-12&<br>2012-13 | എൽ.എഫ്.എം.24-465/2015/ 9/04/2015 | 26 |
| 2013-14&<br>2014-15 | കെ.എസ്.എ.എം.പി.എം 24/1407/16<br>/14.06.2016 | 12 |
| 2015-16 | കെ.എസ്.എ.എം.പി.എം24/3056/16<br>/21.12.2016 | 12 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

# a-1

# Audit Certificate

No. KSA/MPM/24/1586/2017

Kerala State Audit Department,
District Office, Malappuram.
Date .14-07-17

Certified that I have Audited the Annual Financial Statement of **TUVVUR** Grama Panchayat in Malappuram District for the year **2016-17** in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidelines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of **TUVVUR** Grama Panchayat for the year **2016-17** except the observations in my audit report properly presents the picture of income and expenditure.

DeputyDirector,

Kerala State Audit Department,
District Office, Malappuram.

# a-2

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ/എം പി എം/24/1586/2017

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി .14-07-17

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇൗവ്വൂർ ഗ്രാമപഞ്ചായത്തിന്റെ **2016-17** ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇൗവ്വൂർ ഗ്രാമ പഞ്ചായത്തിന്റെ **2016-17** വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003 ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.